**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4395** **18-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ ലോഡ് ഷെഡ്ഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കർണാടകയിൽ നിന്ന് വൈദ്യുതി ലഭിക്കാത്തതിനാൽ മഞ്ചേശ്വരം മണ്ഡലത്തിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കർണാടകയിൽ നിന്നും കൊണാജെ-മഞ്ചേശ്വരം 110 കെ.വി ലൈൻ വഴി കേരളത്തിലേക്ക് 50 മെഗാവാട്ട് വരെ വൈദ്യുതി എത്തിക്കുവാൻ സാധിക്കുന്നതാണ്. കർണാടകയിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചാണ് 110 കെ വി സബ്സ്റ്റേഷനുകളായ മഞ്ചേശ്വരം, കുബനൂർ, 110 കെ വി ട്രാക്ഷൻ സബ്സ്റ്റേഷൻ ഉപ്പള എന്നിവ പ്രവർത്തിച്ചു വരുന്നത്. എന്നാൽ കർണാടകയിലെ 220 കെ.വി ലൈനായ വരാഹി - ഹെഗ്ഗജെയിലുണ്ടായ ക്രോസ്സ് ആം തകരാർ മൂലം കർണാടകയിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവ് 10 മെഗാവാട്ടായി 03.03.2025 മുതൽ താത്കാലികമായി ചുരുക്കിയിട്ടുണ്ട്. അതിനാൽ 110 കെ വി സബ്സ്റ്റേഷൻ കുബനൂർ കേരള ഗ്രിഡിലേക്ക് മാറ്റിയിട്ടുണ്ട്. അതുമൂലം മൈലാട്ടി-വിദ്യാനഗർ 110 കെ വി ലൈനിന്റെ ലോഡിങ്ങ് പരിധിക്കു മുകളിൽ പീക്ക് സമയങ്ങളിൽ ലോഡ് ഉയരുന്ന സാഹചര്യത്തിൽ മഞ്ചേശ്വരം കാസർഗോഡ് താലൂക്കുകളിൽ ലോഡ് ഷെഡിങ് ഏർപ്പെടുത്തുന്നുണ്ട്. കർണാടകയിൽ തകരാറിലായ ലൈൻ പുനസ്ഥാപിക്കുവാനുള്ള നടപടികൾ നടന്നു വരികയാണെന്നും ഏകദേശം 10 ദിവസത്തിനുള്ളിൽ തകരാർ പരിഹരിച്ച് പൂർവസ്ഥിതിയിലേക്ക് മാറാൻ സാധിക്കുമെന്നും KPTCL അറിയിച്ചിട്ടുണ്ട്. |
| (ബി) | കർണാടകയിൽനിന്നും വൈദ്യുതി ലഭിക്കാത്ത സമയങ്ങളിൽ മൈലാട്ടിയിൽ നിന്നും ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | കർണാടകയിൽ നിന്നും വൈദ്യുതി ലഭിക്കാത്ത സമയങ്ങളിൽ മൈലാട്ടിയിൽ നിന്നും തടസ്സരഹിതമായി അധിക വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്തത്, നിലവിലുള്ള 110കെവി മൈലാട്ടി-വിദ്യാനഗർ ഒറ്റ സർക്യൂട്ട് ലൈനിന്റെ ശേഷിക്കുറവ് മൂലമാണ്. ഈ സമയങ്ങളിൽ ലോഡ് കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്നത് 110 കെ വി മൈലാട്ടി വിദ്യാനഗർ ലൈൻ വഴിയുള്ള വൈദ്യുതിയും 50MW പൈവളികെ സോളാർ പ്ലാന്റിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഉല്പാദിപ്പിക്കുന്ന വൈദ്യുതിയും ഉപയോഗിച്ചാണ്. 110 കെ.വി മൈലാട്ടി വിദ്യാനഗർ ലൈനിന്റെ ശേഷി ഉയർത്തുന്ന പദ്ധതിയുടെ പ്രവൃത്തി പുരോഗതിയിലാണ്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി മൈലാട്ടിയിൽ നിന്നും മഞ്ചേശ്വരം ഭാഗത്തേക്ക് തടസ്സരഹിതമായി അധിക വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ